## 15 -ാം കേരള നിയമസഭ

## 14 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 434** **16-09-2025 - ൽ മറുപടിയ്ക്ക്**

## പനങ്ങാട് ഗ്രാപഞ്ചായത്തിലെ വാതക ശ്മശാനത്തിന്റെ പ്രവൃത്തി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. എം. സച്ചിൻദേവ്** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കിഫ്ബിയുടെ ധനസഹായത്തോടെ പനങ്ങാട് ഗ്രാമപഞ്ചായത്തിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന വാതക ശ്മശാനത്തിന്റെ പ്രവൃത്തി ആരംഭിക്കുന്നതിൽ കാലതാമസം നേരിട്ടിട്ടുണ്ടോ; വിശദമാക്കുമോ? | (എ) | ഉണ്ട്. **ടി പദ്ധതിയ്ക്ക് DSR 2018-ൽ തയ്യാറാക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കി 03.02.2025 തീയതി ടെണ്ടർ ചെയ്തിരുന്നു. എന്നാൽ കരാറുകാരെയൊന്നും ലഭിക്കാത്തതിനാൽ പദ്ധതി 3 തവണ റീടെണ്ടർ (01.03.2025, 02.04.2025, 17.05.2025) ചെയ്യുകയുണ്ടായി. സംസ്ഥാനത്ത് DSR 2021 നിലവിൽ വന്ന സാഹചര്യത്തിൽ, Technical Committee-യുടെ നിർദ്ദേശ പ്രകാരം ടി എസ്റ്റിമേറ്റ് DSR 2021 -ൽ തയ്യാറാക്കി കിഫ്ബിയുടെ പുതുക്കിയ ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുള്ളതാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പുതുക്കിയ സാങ്കേതികാനുമതി ലഭ്യമാക്കി പദ്ധതി ടെണ്ടർ ചെയ്യുന്നതാണ്.** |

സെക്ഷൻ ഓഫീസർ